പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1078      14/06/2012 ൽ മറുപടിയ്ക്ക്

**<u>മലപ്പുറം ജില്ലയിലെ വില്ലേജുകളുടെ വിഭജനം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. അടൂർ പ്രകാശ് (റവന്യൂ വകുപ്പ്മന്ത്രി ) |
| (എ) ഏറനാട് താലൂക്കിലെ നറുകര വില്ലേജിന്റെ വലിപ്പം കണക്കിലെടുത്ത് വിഭജിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (എ) സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷം മാത്രമേ മലപ്പുറം ജില്ലയിലെ നറുകര വില്ലേജിന്റെ വിഭജന കാര്യത്തിൽ തീരുമാനം എടുക്കുവാൻ കഴിയുകയുള്ളു. |
| (ബി) പുതിയവില്ലേജുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പൊതുവായ നിലപാട് എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; | (ബി) & (സി) ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന ആശയം നടപ്പിലാക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) മലപ്പുറം ജില്ലയിലെ വിഭജിക്കാനുദ്ദേശിക്കുന്ന വില്ലേജുകളേതെല്ലാമാണെന്ന വിവരം വെളിപ്പെടുത്തുമോ ? | |

Thulip

സെക്ഷൻ ഓഫീസർ